8/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 936(2)/2020/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 11662/SIC-G6/2020)

## സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. പ്രഭാവതി എം,
മുണ്ടാണി ഹൗസ് (ടിഎസ് 326),
പി.ഒ. തിരുവങ്ങാട്,
തലശ്ശേരി. — പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസിൽദാർ(എച്ച്)സെക്ഷൻ,
താലൂക്ക് ഓഫീസ്,
തലശ്ശേരി, കണ്ണൂർ. — എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 13/10/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24/11/2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 31/10/2020 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 03/11/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 23/10/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി. പ്രഭാവതി എം, 31/10/2020 തീയതി സമർപ്പിച്ച പരാതി ഹർജി 03/11/2020-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 936(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ തെറ്റായ മറുപടിയാണ് ലഭ്യമാക്കിയത് എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരി 13/10/2020 തീയതിയിൽ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്:

1. ടി എസ് 327 വസ്തുവിന്റെ അളവ് 24/09/2019–ന് നിശ്ചയിച്ച് അറിയിച്ചതും 20/09/2019–ന് രാവിലെ അളവ് നടത്തുകയും ആയതിനു ശേഷം നോട്ടീസ് നൽകിയ തലശ്ശേരി താലൂക്ക് സർവ്വേയർ, ഓഫീസ് നടപടി ക്രമങ്ങൾ പാലിച്ചി ട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും
2. 23/09/2019–ന് നേരിട്ട് പരാതി സമർപ്പിച്ചപ്പോൾ വസ്തുവിന്റെ അളവിന് ശേഷം ബന്ധപ്പെട്ടവരോട് പരാതിയുണ്ടോയെന്ന് നിശ്ചിത സമയപരിധിക്കകം ആരാഞ്ഞു കൊണ്ട് നോട്ടീസ് നൽകുമെന്ന് തഹസിൽദാറും, താലൂക്ക് സർവ്വേയറും അറിയി ച്ചിട്ടും ആയത് ഇന്നേ വരെ പാലിക്കാതെ വ്യാജ പ്രസ്താവന നൽകി ടിയാനെ കബളിപ്പിച്ചത് എന്തുകൊണ്ടെന്നും മറ്റുമായി 10 ഇനങ്ങളിലുളള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 24/11/2020–ന് മറുപടി നൽകിയിട്ടുളളതാണ്.

4. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ 25/09/2021–ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, തിരുവങ്ങാട് അംശം ദേശത്ത് റീ. സ. 327–ൽപ്പെട്ട സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനു വേണ്ടി ശ്രീമതി. പ്രേമ, കൃഷ്, അണ്ടല്ലൂർ എന്നവർ 17/05/2019–ാം തീയതി ഫോറം നമ്പർ 10–ൽ അപേക്ഷ നൽകിയെന്നും, പ്രസ്തുത അപേക്ഷ പി.ബി. 171/19/എച്ച്1 നമ്പർ ഫയൽ പ്രകാരം സ്ഥല പരിശോധന നടത്തുന്നതിനു വേണ്ടി ടൗൺ സർവ്വേയർക്കു കൈമാറിയെന്നും, പ്രസ്തുത അപേക്ഷ പ്രകാരമുളള സ്ഥലം 24/09/2019–ാം തീയതി അളക്കുന്നതിനായി അപേക്ഷകയ്ക്കും അതിർത്തി കൈ വശക്കാർക്കും ടി ഫയൽ പ്രകാരം നോട്ടീസ് നടത്തിയതിനു ശേഷം പ്രസ്തുത സ്ഥല ത്തിന്റെ അതിർത്തി കൈവശക്കാരനായ ശ്രീ. ആച്ചത്ത് വത്സലൻ എന്നവർ 22.09.2019–ാം തീയതി ദുബായിൽ ഡ്യൂട്ടിയിൽ പ്രവേശിക്കേണ്ടതിനാൽ 19/09/2019–ാം തീയതി ഉച്ചയ്ക്ക് ശേഷം സ്ഥലം അളന്ന് തിട്ടപ്പെടുത്തി തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതിനാൽ 20.09.2019–ാം തീയതി സ്ഥല പരിശോധന നടത്തു ന്നതിനു വേണ്ടി അപേക്ഷാകക്ഷിക്കും അതിർത്തി കക്ഷികൾക്കും നോട്ടീസ് നൽകി

ടൗൺ സർവ്വെയർ സ്ഥല പരിശോധന നടത്തിയെന്നും പ്രസ്തുത സ്ഥല പരിശോധന നടത്തിയതിൽ അപേക്ഷകക്ക് കാണിച്ചു കൊടുക്കാനാവശ്യപ്പെട്ട ലൈനുകൾ ഇതിനു മുമ്പ് സർവ്വെ ചെയ്ത് റവന്യു റിക്കാർഡുകളിൽ ഉൾക്കൊളളിക്കാത്തവ ആയതിനാൽ(എഫ് ലൈൻ അല്ലാത്തതിനാൽ) പ്രസ്തുത ലൈനുകൾ അളന്നു തിട്ടപ്പെടുത്തുവാൻ സാധിക്കുന്നതല്ലായെന്നും ഹർജ്ജി തള്ളിക്കളയാവുന്നതാണെന്നും ടൗൺ സർവ്വെയർ റിപ്പോർട്ട് സമർപ്പിച്ചുവെന്നുമാണ്.

ടൗൺ സർവ്വെയർ സ്ഥല പരിശോധന നടത്തിയതിൽ ആക്ഷേപം ഉന്നയിച്ച് മേൽഹർജിയിലെ അതിർത്തി കക്ഷിയായ പ്രഭാവതി എം. എന്നവർ 23/09/2019-ാം തീയതി ടി കാര്യാലയത്തിൽ പരാതി സമർപ്പിച്ചുവെന്നും 27/06/2018-ാം തീയതി സബ് കളക്ടർക്കു സമർപ്പിച്ച പരാതിയിൽ നാളിതുവരെ നടപടി ഉണ്ടായിട്ടില്ലെന്നും പരാതിക്കാസ്പദമായ പറമ്പിന്റെ അതിര് അനധികൃതമായി മണ്ണിട്ട് നികത്തിയ ഭാഗത്ത് കുറ്റിയടിച്ച് പരാതിക്കാരെ പരമാവധി സഹായിച്ച ടൗൺ സർവ്വെയറുടെ അന്യായ നടപടിയാണെന്നും 24/09/2019-ാം തീയതി ഉച്ചക്ക് 2 മണിക്ക് അളവ് നടക്കുന്ന സ്ഥലത്ത് ഹാജരാകുവാനുള്ള പി.ബി.171/19/എച്ച്1 നമ്പർ ഫയൽ പ്രകാരമുള്ള അറിയിപ്പ് 06/09/2019-ന് ലഭിച്ചതും അതിനുശേഷം പെട്ടെന്ന് 20/09/2019-ന് അളവ് സമയത്ത് ഹാജരാകുവാനുള്ള ടൗൺ സർവ്വെയറുടെ അറിയിപ്പ് അളവിനു ശേഷം ലഭിച്ചത് പരാതിക്കാരെ സഹായിച്ചതിനുള്ള തെളിവാണെന്നും ഇടവഴിയുടെ കിഴക്കുഭാഗം മുനിസിപ്പൽ അധികൃതരുടെ അളവോടെ മതിൽ കെട്ടിയെങ്കിലും പടിഞ്ഞാറ് ഭാഗത്ത് ഇടവഴി കൈയ്യേറിയ ഭാഗത്ത് കുറ്റിയടിച്ച് കൊടുത്ത സർവ്വെയറുടെ തെറ്റായ നടപടി ആയതിനാലും വില്ലേജ് ഓഫീസർ, ടൗൺ സർവ്വെയർ എന്നിവർക്കെതിരെ വകുപ്പ്തല നടപടികൾ സ്വീകരിക്കണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെട്ടത്.

23.09.2019-ാം തീയതി പ്രഭാവതി എന്നവർ നേരിട്ട് പരാതി സമർപ്പിച്ചപ്പോൾ അളവിനു ശേഷം പരാതിയുണ്ടോയെന്ന് നിശ്ചിത സമയപരിധിക്കകം അറിയിച്ചുകൊണ്ട് നോട്ടീസ് നൽകുമെന്ന് തഹസിൽദാറും താലൂക്ക് സർവ്വെയറും അറിയിച്ചിട്ടും ടി ഫയൽ പ്രകാരം സ്ഥല പരിശോധന നടത്തിയ സ്ഥലത്തിന്റെ അതിർത്തി കക്ഷിയായ പ്രഭാവതി എന്നവർക്ക് ജില്ലാ സർവ്വെ സൂപ്രണ്ടിന് അപ്പീൽ സമർപ്പിക്കാനുള്ള 13-ാം നമ്പർ നോട്ടീസ് നൽകാതിരുന്നത് ടൗൺ സർവ്വെയർ സ്ഥലപരിശോധന നടത്തിയതിൽ അപേക്ഷക കാണിച്ചു കൊടുക്കാനാവശ്യപ്പെട്ട ലൈനുകൾ ഇതിനു മുമ്പ് സർവ്വെ ചെയ്ത് റവന്യൂ റിക്കാർഡിൽ ഉൾക്കൊള്ളിക്കാത്തവയായതിനാലാണ് പ്രസ്തുത ലൈനുകൾ അളന്നു തിട്ടപ്പെടുത്തുവാൻ സാധിക്കുകയില്ലായെന്നും ഹർജി തള്ളിക്കളയാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തതിനാലാണ് അപേക്ഷ കക്ഷിക്കും അതിർത്തി കക്ഷികൾക്കും ജില്ലാ

സർവ്വെ സുപ്രണ്ടിന് അപ്പീൽ സമർപ്പിക്കുവാനുള്ള 13-ാം നമ്പർ നോട്ടീസ് നൽകുവാൻ സാധിക്കുകയില്ലെന്നും, എച്ച്1/15246/19 നമ്പർ ഫയലിന്റെ പകർപ്പ് അപേക്ഷകക്ക് അനുവദിച്ചിട്ടുള്ളതാണെന്നും, ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരി ആവശ്യപ്പെട്ട ലഭ്യമായ വിവരം ടിയാൾക്ക് 08/12/2020-ന് നൽകിയിട്ടുള്ളതാണെന്ന് കമ്മീഷന് ബോധ്യമാകുന്ന സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 1-ാം തീയതി** കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV